**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 393** — **04-07-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ചില പ്രദേശങ്ങളിലെങ്കിലും അത്യപൂർവമായി കൊഴിഞ്ഞുപോക്ക് അനുഭവപ്പെട്ടിട്ടുള്ളത്സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുകയും അതൊഴിവാക്കാൻ പ്രത്യേക പദ്ധതികൾ<br><br>നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ആദിവാസി മേഖലയിലെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിന് വേണ്ടി വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. 'വിദ്യാവാഹിനി' പദ്ധതി വഴി യാത്രാസൗകര്യം ഉറപ്പാക്കുന്നു. പട്ടികവർഗ വിദ്യാർത്ഥികളുടെ പഠനത്തെ സഹായിക്കുന്നതിന് വേണ്ടി ആ വിഭാഗത്തിൽ നിന്നുള്ള അധ്യാപകരെ മെന്റർ ടീച്ചർ എന്ന നിലയിൽ വിദ്യാലയങ്ങളിൽ ഉറപ്പാക്കിയിട്ടുണ്ട്. സാമൂഹ്യപഠന മുറികൾവഴി വൈകുന്നേരം കുട്ടികൾക്ക് പഠിക്കുവാൻ പ്രത്യേകസൗകര്യങ്ങൾ ഊരുകൾ കേന്ദ്രമാക്കി ആരംഭിച്ചിട്ടുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസത്തിൽട്രൈബൽ പ്രമോട്ടർമാരുടെ സേവനം നൽകുന്നുണ്ട്.<br><br>പൊതുഗതാഗത സൗകര്യം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽനിന്നും വിദ്യാലയങ്ങളിൽ വന്നു പഠിക്കുന്ന 1 മുതൽ 12 വരെക്ലാസുകളിലെ കുട്ടികൾക്കായി യാത്രാ സൗകര്യം ലഭ്യമാക്കുന്നു. 2024-25 വർഷം 11352 കുട്ടികൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ പത്ത് മാസത്തേയ്ക്ക് ആകെ 681.12 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>വിദ്യാലയങ്ങളിൽ നിന്നും കൊഴിഞ്ഞു പോയതോ വിദ്യാലയത്തിൽ പ്രവേശനം നേടാത്തതോ ആയ കുട്ടികളെ കണ്ടെത്തി സ്പെഷൽ ട്രെയിനിംഗ് സെന്ററിൽ വോളന്റിയർമാരുടെ സഹായത്തോടെ ബ്രിഡ്ജിംഗ് നടത്തുന്നു. 2024-25 വർഷം 2025 കുട്ടികൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് 121.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മലയോര പ്രദേശങ്ങളിലെ കുട്ടികളുടെ തുടർ പഠനത്തിനായി 6 റസിഡൻഷ്യൽ ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു.<br><br>GTLPS ഇടമലക്കുടി കേന്ദ്രീകരിച്ച് അടുത്തടുത്ത ഊരുകളിലെകുട്ടികളെ സ്കൂളിലെത്തിക്കാനും തിരികെവീട്ടുകളിലെത്തിക്കാനും 'എസ്കോർട്ടിംഗ്' - ന്റെ സഹായം തേടുന്നു.<br><br>മെന്റർ ടീച്ചർമാർ, എറണാകുളം ജില്ലയിലെ അതിഥിതൊഴിലാളികളുടെ കുട്ടികൾക്ക് പിന്തുണ നൽകുന്ന വിദ്യാവോളന്റിയേഴ്സ് എന്നിവർക്ക് ഒന്നാം ക്ലാസിലെ മാറിയ പാഠപുസ്തകവും സമീപനവും പരിചയപ്പെടുത്തുന്നതിനായി പരിശീലനം സംഘടിപ്പിക്കുന്നു.<br><br>മാതൃഭാഷ മലയാളം അല്ലാത്തതും ഊരിലെ ഭാഷ സംസാരിക്കുന്നതുമായ പട്ടികവർഗ കുട്ടികൾക്കായി തെരെഞ്ഞെടുത്ത വിദ്യാലയത്തിൽ ഭാഷാ അനുരൂപീകരണം (പറിപ്പറസ്സി പദ്ധതി) നടപ്പിലാക്കുന്നു. |
| (ബി) | 2023-24-ൽ സ്കൂളുകളിൽ നിന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഏകദേശം നാന്നൂറ്റി അറുപതോളം വിദ്യാർത്ഥികൾ പഠനം അവസാനിപ്പിച്ചുവെന്നത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 2023-24-ൽ സ്കൂളുകളിൽ നിന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഏകദേശം നാന്നൂറ്റി അറുപതോളം വിദ്യാർത്ഥികൾ പഠനം അവസാനിപ്പിച്ചുവെന്നത് ഗൗരവമായി കാണുന്നുണ്ട്.<br><br>എല്ലാ കുട്ടികളുടെയും പഠനം ഉറപ്പാക്കുക എന്നതാണ് സർക്കാരിന്റെ നിലപാട്. മുഴുവൻ കുട്ടികളും സ്കൂളിൽ എത്തി എന്ന് ഉറപ്പുവരുത്തി അവർക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനാണ് സർക്കാർ നിരന്തരമായി പരിശ്രമിച്ചു കൊണ്ടിരിക്കുന്നത്. മുഴുവൻ കുട്ടികളെയും വിദ്യാലയങ്ങളിൽ തിരികെ എത്തിക്കുന്നതിന് വിദ്യാലയ കേന്ദ്രീകൃതമായ പ്രവർത്തനങ്ങളും വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളും തുടർച്ചയായി നടന്നു വരുന്നുണ്ട്. കുട്ടികൾ സ്കൂ പഠനം അവസാനിപ്പിക്കുന്നതിനുള്ള അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഭാഷയിലുള്ള പഠനത്തെ പ്രോത്സാഹിപ്പി ക്കുന്നതിനുള്ള വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ വിഭാഗക്കാർക്കും അനുയോജ്യമായ രീതിയിൽ |

| | | | |
|---|---|---|---|
| | | | പാഠപുസ്തകങ്ങളിലും പാഠ്യ പദ്ധതിയിലും പ്രവർത്തനങ്ങളും ഉള്ളടക്കവും ക്രമീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രതിസന്ധിക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പ്രസ്തുത പ്രതിസന്ധിക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കും. എല്ലാ കുട്ടികളേയും വിദ്യാലയങ്ങളിൽ എത്തിക്കുന്നതിന് സർക്കാരിന്റെ നിരന്തരമായ ജാഗ്രത ഉണ്ടാകും. വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നിലവിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾക്കൊപ്പം സ്കൂൾ ഉപേക്ഷിച്ച കുട്ടികളെ വിദ്യാലയങ്ങളിൽ തിരികെ എത്തിച്ച് പഠിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കും. ഇതിനായി വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ പട്ടിക ജാതി, തദ്ദേശസ്വയംഭരണം, വനം, സ്പോർട്സ്, ആരോഗ്യം, സാംസ്കാരികം തുടങ്ങിയ വകുപ്പുകളെ സഹകരിപ്പിച്ചു കൊണ്ട് പ്രത്യേക പദ്ധതി നടപ്പിലാക്കും. കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയാനും ഹാജർ നില ഉറപ്പുവരുത്താനും ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ